സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 60 ലക്കം: 26 2025 ഏപ്രിൽ 02 ബുധൻ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

ഗതാഗതം തടസ്സപ്പെടുത്തി പാർക്കിങ്; കാർ മാറ്റാൻ ആവശ്യപ്പെട്ട ഡ്രൈവർക്ക് മർദനം

വടകര: റോഡിൽ ഗതാഗതം തടസ്സപ്പെടുത്തി പാർക്ക് ചെയ്ത കാർ മാറ്റാൻ ആവശ്യപ്പെട്ടതിന് സ്വകാര്യ ബസ് ഡ്രൈവർക്ക് മർദനം. വടകര – തൊട്ടിൽപാലം റൂട്ടിലോടുന്ന മഹബൂബ് ബസ് ഡ്രൈവർ വട്ടോളി സ്വദേശി ഷെല്ലിനാണ് മർദനമേറ്റത്. ചൊവ്വാഴ്ച രാത്രി മൊകേരിക്കടുത്ത് ചട്ടമുക്കിലാണ് സംഭവം.

ഡ്രൈവറെ ഹെൽമറ്റ് ഉപയോഗിച്ച് മർദിക്കുന്ന മൊബൈൽ ദൃശ്യങ്ങൾ പ്രചരിക്കുന്നുണ്ട്. സംഭവത്തിൽ മുഹമ്മദ് എന്നയാൾക്കെതിരെ കുറ്റ്യാടി പോലിസ് കേസെടുത്തു.

വഖഫ് ഭേദഗതി ബില്ല്പാസായാലും നിയമപരമായി നേരിടും: മുസ്ലീം ലീഗ്

തിരു: വഖഫ് നിയമ ഭേദഗതി ബിൽ പാർലമെന്റിൽ പാസായാലും അതിനെ നിയമപരമായി നേരിടുമെന്ന് മുസ്ലീം ലീഗ് നേതാക്കളായ പാണക്കാട് സാദിഖലി ശിഹാബ് തങ്ങളും പി.കെ. കുഞ്ഞാലിക്കുട്ടിയും പറഞ്ഞു. ബില്ല് ലോക്സഭയിൽ അവതരിപ്പിക്കുന്നതിന് മുമ്പ് മാധ്യമങ്ങളോടു സംസാരിക്കുകയായിരുന്നു അവർ.

മുസ്ലീം വിഭാഗത്തെ മാത്രമല്ല ബില്ല് ബാധിക്കുകയെന്നും ന്യൂനപക്ഷ വിഭാഗങ്ങളുടെ അവകാശം ലംഘിക്കുന്ന ഒരു പാട് വകുപ്പുകൾ അതിലുണ്ടെന്നും കുഞ്ഞാലിക്കുട്ടി പറഞ്ഞു. മുനമ്പത്തെ പ്രശ്നം ഇതുമായി ബന്ധിപ്പിക്കരുത്. മുനമ്പം പ്രശ്നം കേരള സർക്കാർ മുൻകൈ എടുത്ത് തീർക്കാവുന്നതേയുള്ളൂ. അതിനെ വഖഫുമായി കൂട്ടിക്കെട്ടിയതിൽ മറ്റ് ലക്ഷ്യങ്ങളുണ്ട്. അദ്ദേഹം പറഞ്ഞു.

'ഞങ്ങൾ വഖഫ് കൈകാര്യം ചെയ്തിരുന്നപ്പോൾ മുനമ്പം പ്രശ്നം ഉണ്ടായിരുന്നില്ല. അത് അച്യുതാനന്ദൻ സർക്കാരിന്റെ കാലത്തുണ്ടായ ഒരു കമ്മീഷൻ റിപ്പോർട്ടിനെ തുടർന്നുണ്ടായ പ്രശ്നമാണ്. മുനമ്പം പ്രശ്നം സൃഷ്ടിച്ചതും തീർക്കാതിരിക്കുന്നതും എൽഡിഎഫ് സർക്കാരാണ്' കുഞ്ഞാലിക്കുട്ടി ആരോപിച്ചു.

ഇന്ന് ലോക്സഭയിൽ അവതരിപ്പിക്കുന്ന വഖഫ് നിയമ ഭേദഗതി ബിൽ എട്ട് മണിക്കൂർ ചർച്ചചെയ്യും. ന്യൂനപക്ഷകാര്യമന്ത്രി കിരൺ റിജിജു മറുപടി പറയും. രാത്രി എട്ടോടെ ബില്ലിൽ തീരുമാനമാകും.

ബില്ലിനെ ഒറ്റക്കെട്ടായി എതിർക്കാൻ ചൊവ്വാഴ്ച വൈകീട്ടു ചേർന്ന ഇന്ത്യ സഖ്യം നേതാക്കളുടെ യോഗം തീരുമാനിച്ചു. വോട്ടെടുപ്പും ആവശ്യപ്പെടും.

വഖഫ് ബിൽ അവതരണവേളയിലും ചർച്ചയിലും നിർബന്ധമായും പങ്കെടുക്കണമെന്ന് നിർദേശിച്ച് അംഗങ്ങൾക്ക് പാർട്ടികൾ വിപ്പ് നൽകിയിട്ടുണ്ട്. വ്യാഴാഴ്ച രാജ്യസഭയും ബിൽ പരിഗണിക്കും.

ഇ.വി. ശ്രീധരൻ അന്തരിച്ചു

കോഴിക്കോട്: മുതിർന്ന മാധ്യമപ്രവർത്തകനും എഴുത്തുകാരനുമായ ഇ.വി. ശ്രീധരൻ (76) അന്തരിച്ചു. വടകരയിലെ സ്വകാര്യ ആശുപത്രിയിലായിരുന്നു അന്ത്യം. വടകര ചോമ്പാല സ്വദേശിയാണ്.

ദീർഘകാലം തിരുവനന്തപുരം കേന്ദ്രീകരിച്ചായിരുന്നു പ്രവർത്തനം. കലാകൗമുദിയിൽ ദീർഘകാലം പത്രാധിപസമിതി അംഗമായിരുന്നു. 2വർഷം വീക്ഷണം പത്രത്തിന്റെ ന്യൂസ് എഡിറ്ററായി പ്രവർത്തിച്ചു. മദ്രാസിൽ എം.ഗോവിന്ദന്റെ സമീക്ഷയിലാണ് പത്രപ്രവർത്തനം തുടങ്ങിയത്. കേരളകൗമുദിയിലും മറ്റ് പത്രങ്ങളിലും കോളമിസ്റ്റായിരുന്നു.

കഥകൾ എഴുതുന്നതിന് പുറമെ പുതിയ കഥാകൃത്തുക്കളെ പ്രോത്സാഹിപ്പിച്ച് എഴുത്തിന്റെ വഴിയിലേക്ക് നയിച്ചു. ഒട്ടേറെ കഥാസമാഹാരങ്ങളും നോവലും നോവലൈറ്റും ലേഖനങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്.ദൈവക്കളി, ഏതോ പൂവുകൾ, നന്ദിമാത്രം, കാറ്റുപോലെ എന്നീ നോവലുകളും എഴുതി. എങ്ങുനിന്നോ ഒരു പെണ്ണ്, കുഞ്ഞാന എന്നിവ നോവലൈറ്റുകളാണ്. ആസുരമായ നമ്മുടെ കാലം, തേന്മുള്ളുകൾ, നമുക്കെന്തിനാണിത്രയേറെ കമ്മ്യൂണിസ്റ്റ് പാർട്ടികൾ, കേരള കമ്മ്യൂണിസത്തിന്റെ പ്രശ്നങ്ങൾ, മനുഷ്യൻ എത്ര സുന്ദരപദം എന്നീ ലേഖനസമാഹാരങ്ങളും പ്രസിദ്ധീകരിച്ചു.

ചോമ്പാലയിലെ പാഞ്ചാംപറമ്പത്ത് പരേതരായ ഗോപാലന്റെയും മാതുവിന്റെയും മകനാണ്. സഹോദരി: സരോജിനി. സംസ്കാരം ഇന്ന് രാത്രി (ബുധൻ) എട്ടുമണിക്ക് വള്ളിക്കാടിലെ വടവത്തുംതാഴെപ്പാലം വീട്ടിൽ.

നിര്യാതനായി പോൾ

പുതുക്കാട്: ചിറയത്ത് മാണിയാക്കു അന്തോണി മകൻ പോൾ (84) നിര്യാതനായി. സംസ്കാരം നാളെ (വ്യാഴം) ഉച്ചതിരിഞ്ഞ് 3.30ന് പുതുക്കാട് സെന്റ് ആന്റണീസ് ഫൊറോന പള്ളിയിൽ നടത്തപ്പെടും. ഭാര്യ –തോലത്ത് ബേബി പോൾ. മക്കൾ-ജോബി പോൾ, ജോഫ് തോമസ്, ജിഷ ഷിബു, ഹണി സോണി. മരുമക്കൾ: മിനി തേലപ്പിള്ളി, തോമസ് മാമ്പിള്ളി, ഷിബു മാളിയേക്കൽ, സോണി പാണേക്കാട്ട്.

ആശമാരെ വീണ്ടും ചർച്ചക്ക് വിളിച്ച് സർക്കാർ; പ്രഖ്യാപനങ്ങളല്ല, ഉത്തരവാണ് വേണ്ടതെന്ന് ആശമാർ

തിരു: കേന്ദ്ര ആരോഗ്യ മന്ത്രിയുമായുള്ള കൂടിക്കാഴ്ച്ചയ്ക്ക് പിന്നാലെ ആശ വർക്കർമാരെ വീണ്ടും ചർച്ചയ്ക്ക് വിളിച്ച് ആരോഗ്യ മന്ത്രി വീണാ ജോർജ്. വ്യാഴാഴ്ച വൈകുന്നേരം മൂന്ന് മണിക്ക് എൻ.എച്ച്.എം ഓഫീസിലാണ് ചർച്ച.

ഇത് മൂന്നാം തവണയാണ് സംസ്ഥാന സർക്കാർ ആശ വർക്കർമാരുമായി ചർച്ച നടത്തുന്നത്. സമരക്കാർക്കൊപ്പം തൊഴിലാളി സംഘടനകളായ സിഐടിയു–ഐഎൻടിയുസി നേതാക്കളേയും മന്ത്രി ചർച്ചക്ക് വിളിച്ചിട്ടുണ്ട്.

തങ്ങൾക്ക് പ്രഖ്യാപനങ്ങളും വാഗ്ദാനങ്ങളുമല്ല, ഉത്തരവാണ് വേണ്ടതെന്ന് ആശ വർക്കർമാർ പ്രതികരിച്ചു. ഓണറേറിയം വർധിപ്പിക്കുന്ന കാര്യത്തിൽ സംസ്ഥാന സർക്കാർ നിലപാട് വ്യക്തമാക്കണമെന്നാണ് സമരസമിതിയുടെ ആവശ്യം.

അതേസമയം ആശ വർക്കർമാരുടെ സമരം 52–ാം ദിവസത്തിലേക്ക് കടന്നിരിക്കുകയാണ്. സമാന്തരമായി നടക്കുന്ന നിരാഹാര സമരം 13–ാം ദിവസത്തിലേക്കും കടന്നു. തല മുണ്ഡനം ചെയ്തും മുടി മുറിച്ചും ആശമാർ പ്രതിഷേധിച്ചിരുന്നു.

ഹോളിവുഡ് നടൻ വാൽ കിൽമർ അന്തരിച്ചു

ലോസ് ഏഞ്ചൽസ്: പ്രശസ്ത ഹോളിവുഡ് നടൻ വാൽ കിൽമർ (65) അന്തരിച്ചു. ഇന്നലെ രാത്രി ലോസ് ഏഞ്ചൽസിലായിരുന്നു അന്ത്യം. ന്യൂമോണിയയെ തുടർന്നാണ് അന്ത്യം സംഭവിച്ചതെന്ന് മകളെ ഉദ്ധരിച്ച് ന്യൂയോർക്ക് ടൈംസ് റിപ്പോർട്ട് ചെയ്തു. 2014 ൽ അദ്ദേഹത്തിന് തൊണ്ടയിൽ ക്യാൻസർ ബാധിച്ചിരുന്നെങ്കിലും രോഗം ഭേദമായിരുന്നതായി മകൾ പറഞ്ഞു.

90 കളിൽ ഹോളിവുഡിൽ ഏറ്റവും ഉയർന്ന പ്രതിഫലം വാങ്ങുന്ന താരമായിരുന്നു കിൽമർ. ടോപ്പ് ഗൺ (1986) എന്ന ചിത്രത്തിൽ സഹനടനായി അഭിനയിച്ചതോടെയാണ് അദ്ദേഹം ശ്രദ്ധേയനായത്. 1991–ൽ, ഒലിവർ സ്റ്റോണിന്റെ ദി ഡോർസിൽ, ജിം മോറിസണായി വേഷമിട്ടതും കിൽമറിന്റെ പ്രശസ്തി വർധിപ്പിച്ചു. ടോംബ് സ്റ്റോൺ, ഹീറ്റ്, ബാറ്റ്മാൻ ഫോറെവർ എന്നിവയുൾപ്പെടെ വിജയകരമായ നിരവധി ചിത്രങ്ങൾ കിൽമറിന്റെതായി പുറത്തുവന്നു. ഇതെല്ലാം ബോക്സ് ഓഫീസിൽ വലിയ വിജയം നേടുകയും ചെയ്തിരുന്നു.

തൊണ്ടയിൽ ക്യാൻസർ ബാധിച്ചതോടെ അദ്ദേഹത്തിന് സംസാര ശേഷി നഷ്ടപ്പെട്ടിരുന്നു. സിനിമയിൽ നിന്ന് ഏറെ കാലം വിട്ടുനിന്നിരുന്നുവെങ്കിലും 2021ൽ ടോം ക്രൂയിസിന്റെ ടോപ്പ് ഗൺ മാവെറിക് എന്ന ചിത്രത്തിലൂടെ സിനിമയിലേക്ക് അദ്ദേഹം തിരിച്ചുവരവ് നടത്തിയിരുന്നു. 2021ൽ തന്നെ അദ്ദേഹത്തിന്റെ ജീവിതത്തെ ആസ്പദമാക്കി 'വാൽ' എന്ന ഡോക്യുമെന്ററിയും പുറത്തുവന്നു.

പുത്തൂർ സുവോളജിക്കൽ പാർക്ക് ആഗസ്റ്റിൽ പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കും:മന്ത്രി ശശീന്ദ്രൻ

തൃശൂർ: മനുഷ്യ –വന്യമൃഗ സംഘർഷം പരിഹരിക്കുന്നതിനായി കിഫ്ബി സഹായത്തോടെ പദ്ധതി നടപ്പിലാക്കുമെന്നും മന്ത്രി പറഞ്ഞു. വനം വകുപ്പിന്റെ സ്വപ്ന പദ്ധതിയാണ് സുവോളജിക്കൽ പാർക്കെന്ന് മന്ത്രി എ കെ ശശീന്ദ്രൻ പറഞ്ഞു.

ദക്ഷിണേന്ത്യയ്ക്ക് തന്നെ മാതൃകയാവുന്ന വിധത്തിലാണ് സുവോളജിക്കൽ പാർക്ക് അണിഞ്ഞൊരുങ്ങുന്നത്. ഇത് നിർമ്മാണത്തിന്റെ അന്തിമ ഘട്ടത്തിലാണ്. ആഗസ്റ്റ് ഒടുവിൽ ജനങ്ങൾക്കായി തുറന്നു കൊടുക്കാനാവുമെന്നാണ് പ്രതീക്ഷ. 331 കോടി രൂപയാണ് പദ്ധതിക്കായി കിഫ്ബി സഹായം നൽകിയത്.

സ്വർണവിലയിൽ ഇന്ന് മാറ്റമില്ല

കൊച്ചി: സംസ്ഥാനത്ത് സ്വർണവിലയിൽ ഇന്ന് മാറ്റമില്ല. 68,080 രൂപയാണ് ഒരു പവൻ സ്വർണത്തിന്റെ വില. ഇന്നലെ പവന് ഒറ്റയടിക്ക് 680 രൂപ വർധിച്ചതോടെയാണ് സ്വർണവില ആദ്യമായി 68,000 കടന്നത്. ഗ്രാമിന് 8510 രൂപ നൽകണം. കഴിഞ്ഞ മാസം 20ന് 66,480 രൂപയായി ഉയർന്ന് സർവകാല റെക്കോർഡ് ഇട്ടതിന് പിന്നാലെ അടുത്ത ദിവസങ്ങളിൽ സ്വർണവില കുറയുന്നതാണ് കണ്ടത്.

പള്ളികളുടെ പ്രവർത്തനങ്ങളിൽ ഇടപെടില്ലെന്ന് കിരൺ റിജിജു, വഖഫ് ഭേദഗതി ബിൽ ലോക്സഭയിൽ

ന്യൂഡൽഹി: പരിഷ്കരിച്ച വഖഫ് ഭേദഗതി ബില്ലിന്റെ അവതരണം ലോക്സഭയിൽ തുടങ്ങി. കേന്ദ്ര മന്ത്രി കിരൺ റിജിജുവാണ് ബിൽ ലോക്സഭയിൽ അവതരിപ്പിച്ചത്. യു.പി.എ. കാലത്ത് വഖഫ് ബോർഡിന് അനിയന്ത്രിത അധികാരം നൽകിയെന്നും പ്രതിപക്ഷം പറഞ്ഞത് അനുസരിച്ചാണ് ബിൽ സംയുക്ത പാർലമെന്ററി സമിതി (ജെ.പി.സി)ക്ക് വിട്ടതെന്നും കിരൺ റിജിജു വ്യക്തമാക്കി. സമിതി നിർദേശിച്ച മാറ്റങ്ങൾ ഉൾക്കൊള്ളിച്ച ബില്ലാണ് അവതരിപ്പിക്കുന്നത്. ആർക്കും ബില്ലിനെ ചോദ്യം ചെയ്യാനാകില്ല. പ്രതിപക്ഷം നുണ പ്രചരിപ്പിക്കുകയാണെന്നും കിരൺ റിജിജു വ്യക്തമാക്കി.

വിശദമായ ചർച്ചയ്ക്ക് ശേഷമാണ് ബില്ല് തയ്യാറാക്കിയത്. 284 സംഘങ്ങൾ അഭിപ്രായം വ്യക്തമാക്കി. 97 ലക്ഷം നിർദേശങ്ങൾ ജെ.പി.സിക്ക് ലഭിച്ചു. അതെല്ലാം വിശദമായി പരിശോധിച്ചു. ഈ ബില്ല് കുറേ മാറ്റങ്ങൾ കൊണ്ടുവരും. മതനേതാക്കളെ കണ്ട് അഭിപ്രായങ്ങൾ തേടിയിരുന്നുവെന്നും കിരൺ റിജിജു വ്യക്തമാക്കി. മുസ്ലിം പള്ളികളുടെ പ്രവർത്തനങ്ങളിലും ഒരു മതസ്ഥാപനത്തിലും ഇടപെടില്ലെന്നും വോട്ട് ബാങ്കിനായി പ്രതിപക്ഷം തെറ്റിദ്ധാരണ പരത്തിയെന്നും മന്ത്രി വ്യക്തമാക്കി.

യഥാർഥ ബില്ലിൽ ചർച്ച നടന്നിട്ടില്ലെന്ന പ്രേമചന്ദ്രന്റെ വാദം തള്ളിയ അമിത് ഷാ എല്ലാ ചട്ടങ്ങളും പിൻവലിച്ചാണ് ബിൽ അവതരിപ്പിക്കുന്നതെന്നും വ്യക്തമാക്കി. ബിൽ അടിച്ചേൽപ്പിക്കുകയാണെന്നും ഭേദഗതികളിലെ എതിർപ്പ് അറിയിക്കാൻ പ്രതിപക്ഷത്തെ അനുവദിക്കണമെന്നും കെ.സി വേണുഗോപാൽ സഭയിൽ വ്യക്തമാക്കി. അതേസമയം, രാഹുൽ ഗാന്ധിയും പ്രിയങ്ക ഗാന്ധിയും ഇതുവരെ സഭയിൽ എത്തിയിട്ടില്ല. ലോക്സഭയിലെ ഉപനേതാവ് ഗൗരവ് ഗൊഗോയി കോൺഗ്രസിന്റെ ചർച്ചയ്ക്ക് തുടക്കം കുറിക്കും.

വാളയാർ കേസ്; മാതാപിതാക്കളുടെ അറസ്റ്റ്തടഞ്ഞ് ഹൈക്കോടതി

വിചാരണക്കോടതിയിൽ ഹാജരാകുന്നതിനും ഇളവ്

കൊച്ചി: വാളയാറിലെ സഹോദരിമാരുടെ മരണത്തിൽ പ്രതിചേർക്കപ്പെട്ട മാതാപിതാക്കളുടെ അറസ്റ്റ് ഹൈക്കോടതി തടഞ്ഞു. കുറ്റപത്രം റദ്ദാക്കണമെന്നാവശ്യപ്പെട്ടുള്ള ഹർജിയിലാണ് ഹൈക്കോടതിയുടെ ഈ നിർണായക തീരുമാനം. ഇതിനു പുറമെ, വിചാരണ കോടതിയിൽ നേരിട്ട് ഹാജരാകുന്നതിലും ഹൈക്കോടതി മാതാപിതാക്കൾക്ക് ഇളവ് നൽകിയിട്ടുണ്ട്. ജസ്റ്റിസ് സി. ജയചന്ദ്രന്റെ അധ്യക്ഷതയിലുള്ള ബെഞ്ചാണ് ഈ കേസുമായി ബന്ധപ്പെട്ട നിർണായക ഇടപെടൽ നടത്തിയിരിക്കുന്നത്.

പെൺകുട്ടികളുടെ മരണത്തിൽ മാതാപിതാക്കളെയും പ്രതിചേർത്തതിന് പിന്നാലെ അന്വേഷണ സംഘം സിബിഐ കോടതിയിൽ നൽകിയ കുറ്റപത്രത്തിന്റെ അടിസ്ഥാനത്തിൽ ഈ മാസം അവസാനം മാതാപിതാക്കളോട് നേരിട്ട് ഹാജരാകാൻ സിബിഐ കോടതി സമൻസ് അയച്ചിരുന്നു. ഇതുൾപ്പെടെയുള്ള നടപടിയിലാണ് ഹൈക്കോടതിയുടെ ഇടപെടൽ ഉണ്ടായിരിക്കുന്നത്. വിചാരണ കോടതിയിൽ ഹാജരാകുന്നതിനാണ് ഇളവ് നൽകിയിരിക്കുന്നതെങ്കിലും കുറ്റപത്രം റദ്ദാക്കണമെന്നാവശ്യപ്പെട്ടുള്ള പരാതി തീർപ്പാക്കിയതിന് ശേഷം മറ്റ് കാര്യങ്ങളിലേക്ക് കടക്കാമെന്നാണ് ഹൈക്കോടതി അറിയിച്ചിട്ടുള്ളത്.

വാളയാറിലെ സഹോദരിമാരുടെ ദുരൂഹമരണവുമായി ബന്ധപ്പെട്ട അന്വേഷണത്തിൽ ആറ് കുറ്റപത്രങ്ങളാണ് സിബിഐ നൽകിയിരിക്കുന്നത്. ഈ കുറ്റപത്രങ്ങളിലാണ് കുട്ടികളുടെ മാതാപിതാക്കളെയും പ്രതിചേർത്തിരിക്കുന്നത്. ഈ കേസിൽ സിബിഐ കൃത്യമായ അന്വേഷണം നടത്തിയിട്ടില്ലെന്നും നടപടികൾ സുതാര്യമായിരുന്നില്ലെന്നും ഞങ്ങളുടെ ഭാഗം അന്വേഷണസംഘം കേട്ടിരുന്നില്ലെന്നുമുള്ള ആരോപണങ്ങൾ ഉന്നയിച്ചാണ് മാതാപിതാക്കൾ കുറ്റപത്രം റദ്ദാക്കണമെന്നാവശ്യപ്പെട്ട് ഹൈക്കോടതിയെ സമീപിച്ചത്.

വാളയാറിലെ സഹോദരിമാർ ലൈംഗികാതിക്രമത്തിന് വിധേയമായിട്ടുണ്ടെന്ന് പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ പറയുന്നുണ്ടെന്നാണ് കുറ്റപത്രത്തിലുള്ളത്. എന്നാൽ, കുട്ടികൾക്കെതിരേ ലൈംഗികാതിക്രമം നടന്നുവെന്നറിഞ്ഞിട്ടും ഈ വിവരം മാതാപിതാക്കൾ മറച്ചുവെച്ചുവെന്നതാണ് കുറ്റപത്രത്തിലെ ഗുരുതരമായ കണ്ടെത്തൽ. സിബിഐ തിരുവനന്തപുരം യൂണിറ്റാണ് വാളയാർ പെൺകുട്ടികളുടെ മരണത്തിൽ കൊച്ചി സിബിഐ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിരിക്കുന്നത്.

വാളയാറിലെ സഹോദരിമാരായ രണ്ട് പെൺകുട്ടികളുടെ മരണത്തിൽ മാതാപിതാക്കൾക്കും പങ്കുണ്ടെന്നാണ് സി.ബി.ഐ അന്വേഷണത്തിൽ കണ്ടെത്തിയിരുന്നത്. ആത്മഹത്യ പ്രേരണാക്കുറ്റം, ബലാത്സംഗ പ്രേരണാക്കുറ്റം, പീഡനവിവരം അറിഞ്ഞിട്ടും അതുമറച്ചുവെക്കൽ തുടങ്ങിയ കുറ്റങ്ങളാണ് കുട്ടികളുടെ അച്ഛനും അമ്മയ്ക്കുമെതിരേ ചുമത്തിയിരിക്കുന്നത്.

പോക്സോ നിയമത്തിലെ വകുപ്പുകൾ ഉൾപ്പെടെയാണ് പ്രതികൾക്കെതിരേ ചുമത്തിയിട്ടുള്ളത്. കുട്ടികൾ പലതവണ ചൂഷണത്തിനിരയായ വിവരം മാതാപിതാക്കൾ നേരത്തെ അറിഞ്ഞിരുന്നതായാണ് സി.ബി.ഐ. അന്വേഷണത്തിൽ കണ്ടെത്തിയത്.

വാളയാറിലെ പെൺകുട്ടികളുടെ മരണം ആത്മഹത്യയാണെന്നായിരുന്നു സിബിഐയുടെ കണ്ടെത്തൽ. കേസിൽ നേരത്തെ സിബിഐ. കുറ്റപത്രം സമർപ്പിക്കുകയുംചെയ്തിരുന്നു. എന്നാൽ, കോടതി നിർദേശപ്രകാരം തുടരന്വേഷണം നടത്തി. ഈ അന്വേഷണത്തിനൊടുവിലാണ് കേസിൽ അനുബന്ധ കുറ്റപത്രം സമർപ്പിച്ചിരിക്കുന്നത്. 2017 ജനുവരി13, മാർച്ച് നാല് തീയതികളിലായാണ് വാളയാറിലെ 13, 9 വയസ്സുള്ള സഹോദരിമാരെ ഒറ്റമുറി ഷെഡ്ഡിൽ തൂങ്ങി മരിച്ച നിലയിൽ കണ്ടെത്തിയത്.

ഭൂമിതട്ടിപ്പ് കേസിൽ കോടതിയിൽ ഹാജരായില്ല; എളമരം കരീമിന് അറസ്റ്റ് വാറണ്ട്

കോഴിക്കോട്: ഭൂമി തട്ടിപ്പ് കേസിൽ സിപിഎം നേതാവും മുൻ വ്യവസായമന്ത്രിയുമായ എളമരം കരീമിന് അറസ്റ്റ് വാറണ്ട്. മുക്കം കാരശ്ശേരിയിലെ മുക്കം ക്രഷർ ആന്റ് ഗ്രാനൈറ്റുമായി ബന്ധപ്പെട്ട കേസിൽ കോടതിയിൽ ഹാജരാവാത്തതിനെ തുടർന്നാണ് താമരശ്ശേരി കോടതി അറസ്റ്റ് വാറണ്ട് പുറപ്പെടുവിച്ചത്.

2009 –2011 കാലഘട്ടത്തിൽ ക്രഷർ നടത്താനെന്ന പേരിൽ എളമരം കരീമിന്റെ ബന്ധുവായ നൗഷാദ് തട്ടിപ്പ് നടത്തിയെന്നും നൗഷാദിന്റെ പേരിലേക്ക് ഭൂമി എഴുതി നൽകുന്നതിന് എളമരം കരീം ഇടനിലക്കാരനായി പ്രവർത്തിച്ചുവെന്നുമാണ് പരാതി. പിന്നീട് സ്ഥലം സ്വന്തം പേരിലേക്ക് രജിസ്റ്റർ ചെയ്ത് നികുതി അടച്ച് സ്ഥലം നൗഷാദ് കൈക്കലാക്കിയെന്നും ക്വാറി തുടങ്ങുകയോ പണം നൽകുകയോ ചെയ്തില്ലെന്നും പരാതിക്കാർ പറയുന്നു.

2013–ൽ മുഖ്യമന്ത്രി ഉൾപ്പടെയുള്ളവർക്ക് ഭൂമിനഷ്ടപ്പെട്ടവർ പരാതി നൽകുകയും 2015–ൽ ക്രൈംബ്രാഞ്ച് പരാതിയിൽ അന്വേഷണം നടത്തുകയും ചെയ്തിരുന്നു. ഈ അന്വേഷണത്തിന്റെ റിപ്പോർട്ട് ഹൈക്കോടതിയിൽ സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ ഈ കേസ് എഴുതി തള്ളാൻ ക്രൈംബ്രാഞ്ച് തീരുമാനം എടുത്തതോടെ ഉന്നതബന്ധം ഉപയോഗിച്ച് കേസ് ഇല്ലാതാക്കാൻ ശ്രമിക്കുന്നു എന്ന് കാണിച്ച് ഭൂമി നഷ്ടപ്പെട്ടവർ കോടതിയെ സമീക്കുകയായിരുന്നു.

കോടതി പരസ്യം

ബഹു. കുന്നംകുളം കുടുംബകോടതി മുമ്പാകെ
OP: 2244/2023
പ്രിയ പി പി
–ഹരജിക്കാരി
തൃശൂർ ജില്ല, ചാവക്കാട് താലൂക്ക്, ബ്ലാങ്ങാട് പി ഒ., പിൻ–680506, കടപ്പുറം വില്ലേജ്, ഇരട്ടപ്പുഴ ദേശത്ത്, ബ്ലാങ്ങാട് പി ഒ., കുന്നത്ത് ദാസൻ മകൻ 39 വയസ് ഷിജിത്ത് കെ ഡി
– എതൃകക്ഷി
മേൽ നമ്പർ ഹരജിക്കാര്യത്തിൽ എതൃകക്ഷിക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്തുന്നതിന് അനുവദിച്ച് 21–04–2025 തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. ആർക്കെങ്കിലും എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അന്നേദിവസം കോടതിയിൽ ബോധിപ്പിക്കേണ്ടതാണ്.
എന്ന്, 15–03–2024
ഹരജിക്കാരിഭാഗം അഡ്വക്കേറ്റ്
കെ ഡി വിനോജ് (ഒപ്പ്)

കോടതി പരസ്യം

ബഹു. തൃശൂർ ചിട്ടി രജിസ്ട്രാർ/ആർബിട്രേറ്റർ മുമ്പാകെ
ആർബിട്രേഷൻ ഹരജി :718/2024
രജപുത്ര കുറീസ് പ്രൈവറ്റ് ലിമിറ്റഡ്, മണ്ണംപേട്ട എന്ന സ്ഥാപനത്തിനുവേണ്ടി ചെയർമാൻ ശേഖരൻ
–ഹരജിക്കാരൻ
1) മുകുന്ദപുരം താലൂക്ക്, ആമ്പല്ലൂർ വില്ലേജ്, പൂക്കോട് ദേശത്ത്, ചക്കാലക്കൽ വീട്ടിൽ ജോർജ്ജ് മകൻ 42 വയസ് ഷിബു സി. ജി.
2) ടി താലൂക്ക്, ടി വില്ലേജ്, ടി ദേശത്ത് ടി വീട്ടിൽ ഷിബു സി. ജി. ഭാര്യ 32 വയസ് ബിൻസി ഷിബു
3) ടി താലൂക്ക്, ടി വില്ലേജ്, ടി ദേശത്ത് ടി വീട്ടിൽ ജോർജ്ജ് മകൻ ഷിജു 43 വയസ്
– എതൃകക്ഷികൾ
മേൽ നമ്പറിൽ എതൃകക്ഷികൾക്കെതിരെ പത്രത്തിൽ പരസ്യം ചെയ്യാൻ കല്പിച്ചിട്ടുള്ളതും മേൽ നമ്പർ കേസ് 23–04–2025 തിയ്യതിക്ക് വെച്ചിരിക്കുന്നു. ടി കാര്യത്തിൽ ആക്ഷേപം ഉള്ളവർ ഉണ്ടെങ്കിൽ അന്നേദിവസം പകൽ 11 മണിക്ക് ബഹു. തൃശൂർ ജില്ലാ ആർബിട്രേറ്റർ മുമ്പാകെ (തൃശൂർ രജി. ഓഫീസ്) ഹാജരായി ആക്ഷേപം ബോധിപ്പിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം കേസിൽ തീർപ്പ് കല്പിക്കുന്നതാണെന്നും ഇതിനാൽ അറിയിക്കുന്നു.
എന്ന്, 02–04–2025
ഹരജി ഭാഗം അഡ്വക്കേറ്റ്
കെ ഗോപിനാഥൻ (ഒപ്പ്)

കോടതി പരസ്യം

ബഹു. തൃശൂർ ചിട്ടി രജിസ്ട്രാർ/ആർബിട്രേറ്റർ മുമ്പാകെ
ആർബിട്രേഷൻ ഹരജി :719/2024
രജപുത്ര കുറീസ് പ്രൈവറ്റ് ലിമിറ്റഡ്, മണ്ണംപേട്ട എന്ന സ്ഥാപനത്തിനുവേണ്ടി ചെയർമാൻ ശേഖരൻ
–ഹരജിക്കാരൻ
1) മുകുന്ദപുരം താലൂക്ക്, ആമ്പല്ലൂർ വില്ലേജ്, പൂക്കോട് ദേശത്ത്, ചക്കാലക്കൽ വീട്ടിൽ ജോർജ്ജ് മകൻ 42 വയസ് ഷിബു സി ജി
2) ടി താലൂക്ക്, ടി വില്ലേജ്, ടി ദേശത്ത് ടി വീട്ടിൽ ഷിബു സി ജി ഭാര്യ 32 വയസ് ബിൻസി ഷിബു
3) ടി താലൂക്ക്, ടി വില്ലേജ്, ടി ദേശത്ത് ടി വീട്ടിൽ ജോർജ്ജ് മകൻ ഷിജു 43 വയസ്
– എതൃകക്ഷികൾ
മേൽ നമ്പറിൽ എതൃകക്ഷികൾക്കെതിരെ പത്രത്തിൽ പരസ്യം ചെയ്യാൻ കല്പിച്ചിട്ടുള്ളതും മേൽ നമ്പർ കേസ് 23–04–2025 തിയ്യതിക്ക് വെച്ചിരിക്കുന്നു. ടി കാര്യത്തിൽ ആക്ഷേപം ഉള്ളവർ ഉണ്ടെങ്കിൽ അന്നേദിവസം പകൽ 11 മണിക്ക് ബഹു. തൃശൂർ ജില്ലാ ആർബിട്രേറ്റർ മുമ്പാകെ (തൃശൂർ രജി. ഓഫീസ്) ഹാജരായി ആക്ഷേപം ബോധിപ്പിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം കേസിൽ തീർപ്പ് കല്പിക്കുന്നതാണെന്നും ഇതിനാൽ അറിയിക്കുന്നു.
എന്ന്, 02–04–2025
ഹരജി ഭാഗം അഡ്വക്കേറ്റ്
കെ ഗോപിനാഥൻ (ഒപ്പ്)

ഈ. മ. യൗ

ചിറയത്ത് മാണിയാക്കു അന്തോണി മകൻ
പോൾ (84)
പുതുക്കാട്

എന്റെ പ്രിയ ഭർത്താവ് ചിറയത്ത് മാണിയാക്കു അന്തോണി മകൻ പോൾ (84വയസ്) ആത്മത്തിനു വേണ്ടുന്ന അന്ത്യകൂദാ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

മദ്യം – മയക്കുമരുന്ന് വിപത്തുകളിൽനിന്നും ജനങ്ങളെ രക്ഷിക്കാൻ വേണ്ടതെല്ലാം അടിയന്തരമായി ചെയ്യണം: വി എം സുധീരൻ

ലഹരി വിപത്തിനെ ചെറുക്കാൻ എല്ലാ വിഭാഗം ജനങ്ങളെയും വിവിധ വകുപ്പുകളെയും സ്ഥാപനങ്ങളെയും ഏകോപിപ്പിച്ച് അതി ശക്തമായ ക്യാമ്പയിന് സർക്കാർ നേതൃത്വം നൽകുമെന്ന ഉന്നതതല യോഗ തീരുമാനം ആശ്വാസകരമാണ്. ഏതു തീരുമാനവും ജനങ്ങളെ ബോധ്യപ്പെടുത്തുന്ന രീതിയിൽ ഫലപ്രദവും കാര്യക്ഷമവുമായി നടപ്പിലാക്കുന്നതിലാണ് വിജയം കുടികൊള്ളുന്നത്.

താങ്കളുടെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി 2016-ലെ നിയമസഭാ തെരഞ്ഞെടുപ്പുകാലത്ത് ജനങ്ങളുടെ മുമ്പാകെ അവതരിപ്പിച്ച തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോയിൽ ജനങ്ങൾക്ക് നൽകിയ വാഗ്ദാനം ഇത്തരുണത്തിൽ ഒന്നുകൂടി ഓർമ്മിപ്പിച്ചുകൊള്ളട്ടെ.

'മദ്യം കേരളത്തിൽ ഗുരുതരമായ ഒരു സാമൂഹ്യ വിപത്തായി മാറിയിട്ടുണ്ട്. മദ്യത്തിന്റെ ലഭ്യതയും ഉപയോഗവും പടിപടിയായി കുറയ്ക്കാൻ സഹായകമായ നയമായിരിക്കും ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ സ്വീകരിക്കുക. മദ്യവർജ്ജനത്തെ പ്രോത്സാഹിപ്പിക്കുന്നതിന് ഇന്നുള്ളതിനെക്കാൾ കൂടുതൽ ശക്തമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകും. ഇതിനായി സാക്ഷരതാ പ്രസ്ഥാനത്തിന്റെ മാതൃകയിൽ അതിവിപുലമായ ഒരു ജനകീയ ബോധവൽക്കരണ പ്രസ്ഥാനത്തിന് രൂപം നൽകും. ഡി-അഡിക്ഷൻ സെന്ററുകൾ സ്ഥാപിക്കും. മദ്യവർജ്ജന സമിതിയുമായുള്ള സഹകരണം ശക്തിപ്പെടുത്തും.

മദ്യംപോലെ സാമൂഹ്യ ഭീഷണിയായി കഞ്ചാവും മയക്കുമരുന്നും വ്യാപകമാവുകയാണ്. ഇതിനെതിരെ അതികർശനമായ നടപടികൾ സ്വീകരിക്കും.'

ആ തെരഞ്ഞെടുപ്പു വേളയിൽ ഇതെല്ലാം പ്രചരിപ്പിച്ച് അക്കാലത്ത് കേരളത്തിൽ കേവലം 29 ബാറുകൾ മാത്രം പ്രവർത്തിച്ചിരുന്ന കാലത്താണെന്നോർക്കണം.

പരിപാവനമായ ഈ തെരഞ്ഞെടുപ്പു വാഗ്ദാനം അർഹിക്കുന്ന ഗൗരവത്തോടെയും പ്രധാന്യത്തോടെയും പ്രവർത്തിപഥത്തിൽ കൊണ്ടുവന്നിരുന്നെങ്കിൽ ഇന്ന് കേരളത്തെ വലിയ സാമൂഹ്യ ദുരന്തത്തിലേയ്ക്ക് തള്ളിവിടുന്ന ആപൽക്കരമായ മദ്യവ്യാപനവും കഞ്ചാവ്, മയക്കുമരുന്ന്, രാസമരുന്ന് തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ അനിയന്ത്രിതമായ വിതരണ-വ്യാപന ശൃംഖലകൾ അതീവ ഭീകരമായി ശക്തിപ്പെടുന്ന ദുരവസ്ഥയും ഉണ്ടാകുമായിരുന്നില്ല.

നിർഭാഗ്യവശാൽ തെരഞ്ഞെടുപ്പ് വാഗ്ദാനം സമ്പൂർണ്ണമായി കാറ്റിൽപറത്തി നേരെ എതിർദിശയിലേയ്ക്ക് നീങ്ങുകയും കേരളത്തിൽ സമ്പൂർണ്ണ മദ്യവ്യാപനത്തിന് കളമൊരുക്കുന്ന നടപടികൾ ഒന്നിനുപിന്നാലെ മറ്റൊന്നായി നടപ്പാക്കുകയായിരുന്നു സർക്കാർ ചെയ്തത്.

ഇതിന്റെയെല്ലാം ഫലമായി ഇപ്പോൾ സംസ്ഥാനത്തിൽ ബാറുകളുടെ എണ്ണം ആയിരത്തിലധികമായി. അനുവദിക്കപ്പെടുന്ന ബാറുകളുടെ എണ്ണം കൃത്യമായി എക്സൈസ് വെബ്സൈറ്റിൽ കാണിക്കാത്തതുകൊണ്ട് ഇപ്പോഴും അനുവദിച്ചുകൊണ്ടിരിക്കുന്ന ബാറുകളുടെ എണ്ണം തിട്ടപ്പെടുത്താനാകാതെ വന്നിരിക്കുകയാണ്. സുതാര്യമാക്കേണ്ട സർക്കാർ നടപടികൾ ഇക്കാര്യത്തിൽ അതീവ രഹസ്യമായി മുന്നോട്ടുകൊണ്ടുപോകുന്ന കുറ്റകരമായ അവസ്ഥയിലെത്തിയിരിക്കുകയാണ്. ബെവ്കോ, കൺസ്യൂമർ ഫെഡ്, നിരവധി ക്ലബ്ബുകളോടനുബന്ധിച്ചുള്ള മദ്യശാലകൾ വ്യാപകമായി നിലവിലുള്ള കള്ളുഷാപ്പുകൾ എന്നിവയ്ക്കെല്ലാം പുറമെയാണീ ബാറുകളുടെ വൻ വർദ്ധനവ്. തന്നെയുമല്ല ഐ.ടി. മേഖല ഉൾപ്പെടെയുള്ള മറ്റ് തലങ്ങളിലേയ്ക്കും മദ്യവ്യാപനം വന്നുകൊണ്ടിരിക്കുന്നു.

മദ്യമില്ലെങ്കിൽ മയക്കുമരുന്ന് വ്യാപിക്കും എന്നതായിരുന്നല്ലോ സർക്കാരിന്റെ പ്രധാന വാദഗതി. എന്നാൽ ഇപ്പോൾ മദ്യം വ്യാപകമാകുകയും മയക്കു മരുന്നും, കഞ്ചാവും മറ്റ് രാസപദാർത്ഥങ്ങളും റെക്കാർഡ് വേഗതയിലുള്ള വ്യാപനത്തിലേയ്ക്ക് എത്തുകയും ചെയ്തിരിക്കുന്നു. ഓരോ ദിവസവും മാധ്യമങ്ങളിലൂടെ പുറത്തുവരുന്ന അക്രമ സംഭവങ്ങളും കുറ്റകൃത്യങ്ങളും നല്കുന്നതോതിൽ മദ്യലഹരിയുടെ സ്വാധീനഫലമാണെന്നത് നിസ്തർക്കമാണ്. ഇതിനു പുറമെയാണ് മയക്കു മരുന്നും മറ്റ് രാസപദാർത്ഥങ്ങളും കഞ്ചാവും വ്യാപിക്കുന്നതിന്റെ ഫലമായി വന്നിരിക്കുന്ന മാരകവും ഭയാനകവുമായ അവസ്ഥ.

ആഭ്യന്തര വകുപ്പുകൂടി കൈകാര്യംചെയ്യുന്ന ബഹു.മുഖ്യമന്ത്രിക്ക് ഇതെല്ലാം അറിവുള്ളതാണെങ്കിലും മനപ്പൂർവ്വമായിതന്നെ സംസ്ഥാനത്ത് പെരുകിവരുന്ന അക്രമങ്ങളിലും കുറ്റകൃത്യങ്ങളിലും മദ്യത്തിന്റെ പങ്ക് പൂർണ്ണമായി ഒഴിവാക്കി മയക്കുമരുന്നിൽ മാത്രം കേന്ദ്രീകരിക്കുന്ന തീരുമാനം എടുക്കുന്നത് ഒരുകാരണവശലും ന്യായീകരിക്കാവുന്നതല്ല. ഇത് വസ്തുതകൾക്ക് നിരക്കാത്തതാണ്. തന്നെയുമല്ല ലഹരി വിപത്തിനെക്കുറിച്ച് പറയുമ്പോൾ ആപൽക്കരമായ മദ്യവിപത്തിനെക്കുറിച്ച് പരാമർശിക്കാതിരിക്കുന്നത് തികഞ്ഞ കാപട്യവുമാണ്. മദ്യവ്യാപനത്തിന് നേതൃത്വം കൊടുക്കുന്ന സർക്കാർതന്നെ ലഹരി വിരുദ്ധ ക്യാമ്പയിനുമായി മുന്നോട്ടുവന്നാൽ അതിന് വിശ്വാസ്യത തെല്ലും ഉണ്ടാവുകയില്ലെന്നത് യാഥാർത്ഥ്യമാണ്. അതുകൊണ്ട് ലഹരിക്കെതിരെ ക്യാമ്പയിനുമായി

മുന്നോട്ടു പോകുമ്പോൾ മദ്യവ്യാപന നടപടിയിൽ നിന്നും സർക്കാർ പിന്തിരിയുന്നു എന്ന് ജനങ്ങൾക്ക് വിശ്വസയോഗ്യമായ നടപടികൾകൂടി സ്വീകരിക്കേണ്ടിയിരിക്കുന്നു.

മദ്യവും മയക്കുമരുന്നും ജനങ്ങൾക്ക് ഒരവശ്യവസ്തുവല്ലെന്ന് കോവിഡ് കാലത്ത് ലോക്ഡൗൺ നടപ്പാക്കിയ 64 ദിവസത്തെ സ്ഥിതിഗതികൾ തെളിയിച്ചതാണ്. (ഏപ്രിൽ-മെയ്, 2020) അക്ഷരാർത്ഥത്തിൽ ആകാലം ഫലത്തിൽ കേരളത്തിൽ മദ്യനിരോധനമായിരുന്നല്ലോ. ആ ഇടവേളയിൽ മദ്യശാലകൾ സംസ്ഥാനത്ത് സമ്പൂർണ്ണമായി അടച്ചുപൂട്ടിയതിന്റെ ഫലമായി ടുണ്ടായ ഗുണപരമായ മാറ്റങ്ങൾ ആർക്കും നിഷേധിക്കാനാവില്ല. കുറ്റകൃത്യങ്ങളിൽ ആകാലത്തുണ്ടായ ഗണ്യമായ കുറവ് സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോയിൽത്തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്.

മദ്യം ഇല്ലാതായതിനെത്തുടർന്ന് അതിൽപ്പെട്ടിരുന്നവരുടെ കുടുംബങ്ങൾക്കുണ്ടായ സാമ്പത്തിക നേട്ടം ശ്രദ്ധേയമായിരുന്നു. 3978 കോടി രൂപയുടെ സാമ്പത്തിക നേട്ടം ഇത്തരം കുടുംബങ്ങൾക്കുണ്ടായതായി 'അഡിക് ഇന്ത്യ'യുടെ പഠനം വ്യക്തമാക്കുന്നുണ്ട്.

മദ്യം ഇല്ലാതായാൽ മയക്കുമരുന്ന് ഉപയോഗം വർദ്ധിക്കും, വ്യാജവാറ്റ് പെരുകും, മദ്യം ഉപയോഗിച്ചിരുന്നവർക്ക് അത് ഇല്ലാതായാൽ വൻ പ്രത്യാഘാതങ്ങൾ ഉണ്ടാകും എന്നിങ്ങനെ മദ്യവ്യാപന നയത്തിന് ആധാരമായി നേരത്തുമുതൽ സർക്കാർ ഉയർത്തിയ വാദഗതികളും നടത്തിവന്നിരുന്ന പ്രചരണങ്ങളും തീർത്തും അസ്ഥാനത്താണെന്ന് ലോക്ഡൗൺ കാലത്ത് തെളിയിക്കപ്പെട്ടു.

മയക്കുമരുന്ന് കേസുകൾ 2020 വർഷത്തിലെ മാസ ശരാശരി 305.5 ആയിരുന്നുവെങ്കിൽ ലോക്ഡൗൺകാലത്ത് രണ്ടുമാസത്തെ ശരാശരി കേവലം 97.5 കേസ്സുകളായി കുറഞ്ഞുവെന്നത് വളരെയേറെ ശ്രദ്ധേയമാണ്. സ്പിരിറ്റിന്റെകാര്യത്തിലും ഈ വ്യത്യാസം കാണാവുന്നതാണ്. 2020 വർഷത്തിൽ സ്പിരിറ്റ് പിടികൂടിയതിന്റെ മാസ ശരാശരി 1932 ലിറ്റർ ആയിരുന്നുവെങ്കിൽ ലോക്ഡൗൺകാലത്ത് രണ്ടുമാസത്തെ ശരാശരി 59.5 ലിറ്റർ മാത്രമായിരുന്നു. (എക്സൈസ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിനെ ആധാരമാക്കി 'അഡിക് ഇന്ത്യ' തയ്യാറാക്കിയ പഠന റിപ്പോർട്ടിൽനിന്ന്).

മദ്യം ഇല്ലാതിരുന്ന ലോക്ഡൗൺ കാലത്ത് മയക്കുമരുന്ന് കേസ്സുകളും സ്പിരിറ്റ് ലഭ്യതയും നന്നേ കുറഞ്ഞിരുന്നുവെന്ന അനിഷേധ്യമായ വസ്തുത സർക്കാർ സൗകര്യപൂർവ്വം തമസ്കരിക്കാനാണ് ശ്രമിക്കുന്നത്.

കോവിഡിനെ പ്രതിരോധിക്കുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള ഇച്ഛാശക്തിയും നിശ്ചയദാർഢ്യവും പ്രകടിപ്പിക്കാൻ നിർബന്ധിതമായ സാഹചര്യത്തിൽ സർക്കാർ കൃത്യമായി പ്രവർത്തിച്ചിരുന്നതിന് അക്കാലത്ത് കിട്ടിയ നേട്ടമാണ് ലോക്ഡൗൺകാലത്ത് പ്രകടമായത്.

മദ്യലഭ്യതയും പ്രാപ്യതയും ഇല്ലാതായാൽ മദ്യ ഉപയോഗം ഇല്ലാതാകുമെന്ന് തെളിയിക്കുന്നതാണ് 64 ദിവസത്തെ ലോക്ഡൗൺകാലം.

മദ്യലഭ്യതയും പ്രാപ്യതയും കുറച്ചുകൊണ്ടുവരുകയെന്നതാണ് മദ്യവിപത്തിൽ നിന്നും ജനങ്ങളെ രക്ഷിക്കാൻ അനിവാര്യമായിട്ടുള്ള തെന്നതാണ് ലോകാരോഗ്യ സംഘടനയുടെ അടിസ്ഥാന തത്വം.

വിനോദ സഞ്ചാര മേഖലയെ മദ്യനിയന്ത്രണം തളർത്തുമെന്ന വാദവും വസ്തുതകൾക്ക് നിരക്കാത്തതാണ്. ടൂറിസം വകുപ്പിന്റെ കണക്കുകൾതന്നെ ഇത് വ്യക്തമാക്കുന്നുണ്ട്. 2014-ൽ 923366 വിദേശ ടൂറിസ്റ്റുകളാണ് കേരളത്തിലേയ്ക്ക് വന്നത്. യു.ഡി.എഫ്. സർക്കാരിന്റെ മദ്യനയത്തിന്റെ ഫലമായി കേവലം 29 ബാറുകൾ മാത്രം പ്രവർത്തിക്കുകയും മറ്റല്ലാ ബാറുകളും അടഞ്ഞുകിടന്നിരുന്നതുമായ 2016-ൽ അത് 1038419 ആയി വർദ്ധിക്കുകയാണുണ്ടായത്. ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണത്തിലാകട്ടെ 2014-ൽ 11695441 ആയിരുന്നത് 2016-ൽ 13172535 ആയി വർദ്ധിക്കുകയാണുണ്ടായത്. ടൂറിസത്തിലൂടെ ഉണ്ടായ വരുമാനത്തിലും വർദ്ധനവുണ്ടായി. 2014-ൽ 24885 കോടി ആയിരുന്നത് 2016-ൽ 29659 കോടി രൂപയായി വർദ്ധിച്ചു. മദ്യം കഴിക്കാനല്ല ടൂറിസ്റ്റുകൾ കേരളത്തിൽ വരുന്നത്. കേരള തനിമ ആസ്വദിക്കാനാണ്. അവർക്കു വേണ്ടത് വൃത്തിയും വെടിപ്പുമുള്ള, സമാധാനം നിലനിൽക്കുന്ന, നല്ല പെരുമാറ്റം ലഭിക്കുന്ന അന്തരീക്ഷമാണ്.

സർക്കാരിന്റെ നിലനിൽപ്പ് മദ്യവരുമാനത്തെ ആശ്രയിച്ചാണ് ഇരിക്കുന്നതെന്ന വാദവും നിരർത്ഥകമാണ്. മദ്യത്തിൽനിന്നുള്ള വരുമാനത്തിന്റെ ഇരട്ടിയിലേറെ മദ്യം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾക്കും കെടുതികൾക്കും ദുരിതങ്ങൾക്കും ദുരന്തങ്ങൾക്കും പരിഹാരമുണ്ടാക്കുന്നതിന് സർക്കാരിനുതന്നെ ചെലവിടേണ്ടിവരുന്നുണ്ട്. മദ്യപാനം മൂലം വർദ്ധിച്ചുവരുന്ന ശാരീരികവും മാനസികവുമായ ആരോഗ്യപ്രശ്നങ്ങൾ അതിനെല്ലാം വേണ്ടിവരുന്ന മരുന്ന്, ചികിത്സ, ആശുപത്രിസംവിധാനം എന്നിവയ്ക്ക് വേണ്ടിവരുന്ന ചെലവുകൾ, കുടുംബ സമാധാന തകർച്ച, കുടുംബ ബന്ധങ്ങളിലെ വിള്ളലുകൾ, വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ, അതുമൂലമുണ്ടാകുന്ന സാമ്പത്തിക പ്രശ്നങ്ങൾ ഇതെല്ലാം സംസ്ഥാനത്തിന് വരുത്തിവയ്ക്കുന്ന സാമ്പത്തിക ഭാരവും സാമൂഹിക പ്രശ്നങ്ങളും വളരെയേറെയാണ്. ഇപ്പോൾത്തന്നെ കേരളത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ പതിന്മടങ്ങ് വർദ്ധിച്ചിരിക്കുകയാണ്. മദ്യലഹരിയിൽ സ്വന്തം മാതാപിതാക്കളുടെയും കുടുംബാംഗങ്ങളുടെയും സുഹൃത്തുക്കളുടെയും ജീവനെടുക്കുന്ന സംഭവങ്ങൾ വർദ്ധിച്ചുവരികയാണ്. പെരുകിവരുന്ന ക്വട്ടേഷൻ-ഗുണ്ടാ മാഫിയ സംഘങ്ങളുടെ ഊർജ്ജ സ്രോതസ്സും മദ്യവും മയക്കുമരുന്നും തന്നെയാണ്.

ഇതെല്ലാം കണക്കിലെടുത്തു തെരഞ്ഞെടുപ്പ് വാഗ്ദാനം നടപ്പാക്കതെ ജനങ്ങളോട് കാണിച്ച വിശ്വാസ വഞ്ചനയ്ക്കും ഗുരുതരമായ വീഴ്ചകൾക്കും ജനങ്ങളോട് മാപ്പ് പറയാൻ ബഹു.മുഖ്യമന്ത്രി തയ്യാറാകണം. അതോടൊപ്പംതന്നെ തെറ്റ് തിരുത്തി യാഥാർത്ഥ്യബോധത്തോടെ മദ്യവ്യാപനത്തിനിടവരുന്ന നിലയിലുള്ള മദ്യനയം സമ്പൂർണ്ണമായി പിൻവലിക്കാനും കഞ്ചാവും മയക്കുമരുന്നും രാസപദാർത്ഥങ്ങൾ ഉൾപ്പെടുന്ന സർവ്വ ലഹരി വസ്തുക്കളും ഇല്ലാതാക്കാനും കുറ്റമറ്റതും ഫലപ്രദവുമായ കൃത്യമായ നടപടികൾ ജനങ്ങൾക്ക് ബോധ്യപ്പെടുന്ന രീതിയിലും ജനവിശ്വാസം ആർജ്ജിക്കുന്ന രീതിയിലും സ്വീകരിക്കണം.

* ഉറവിടത്തിൽ നിന്നുതന്നെ ലഹരി പദാർത്ഥങ്ങൾ പിടിച്ചെടുക്കണം.

* ലഹരി കുറ്റവാളികൾക്ക് കടുത്ത ശിക്ഷ ലഭിക്കാവുന്ന അവസ്ഥ ഉണ്ടാക്കണം. ഇതിനെല്ലാം പറ്റുന്ന നിലയിൽ ബന്ധപ്പെട്ട നിയമങ്ങൾ പൊളിച്ചെഴുതണം.

* പൊലീസ്-എക്സൈസ് സേനകളിലെ മികച്ച സേവന പശ്ചാത്തലമുള്ളവരും കാര്യപ്രാപ്തിയുള്ളവരുമായവരെ ഉൾക്കൊള്ളിച്ച് ലഹരി വിരുദ്ധ സ്ക്വാഡുകൾ പുനക്രമീകരിക്കണം. മറ്റുതലങ്ങളിൽ വേണ്ടാത്തവരെ നടത്തുന്ന ഒരു ഏർപ്പാടായി ഇതിനെ മാറ്റരുത്. (ചിലപ്പോഴെങ്കിലും അപ്രകാരം സംഭവിക്കാറുണ്ട്).

* വിമുക്തി ഉൾപ്പെടെയുള്ള ലഹരി നിർമ്മാർജ്ജന പ്രവർത്തനം ചീഫ് സെക്രട്ടറി നേതൃത്വത്തിൽ വിദ്യാഭ്യാസ വകുപ്പുകൾ, ആരോഗ്യ വകുപ്പ്, സാമൂഹ്യ നീതിവകുപ്പ് തദ്ദേശഭരണ വകുപ്പ് എന്നിവയുടെ സംയുക്ത സംരംഭമായി മാറ്റിയെടുക്കണം.

*പാലക്കാട് എലപ്പുള്ളിയിൽ മദ്യനിർമ്മാണശാല ആരംഭിക്കാനുള്ള ശ്രമങ്ങളിൽനിന്നും സർക്കാർ ഉടനടി പിന്തിരിയണം. ഇതിനെതിരെ കർഷകരുൾപ്പെടെയുള്ള സമസ്ത ജനവിഭാഗങ്ങളുടെയും ശക്തമായ പ്രതിഷേധം ഉയർന്നുവന്നിരിക്കുകയാണ്.

മേൽ വിശദീകരിച്ച കാര്യങ്ങളെല്ലാം കണക്കിലെടുത്തുകൊണ്ട് ഇടതുപക്ഷ ജനാധിപത്യമുന്നണി ജനങ്ങൾക്ക് നൽകിയ തെരഞ്ഞെടുപ്പ് വാഗ്ദാനം നടപ്പിലാക്കാൻ സർവ്വന്നടപടികളും സ്വീകരിച്ച് ബഹു.മുഖ്യമന്ത്രിയുടെ നേതൃത്തിലുള്ള മന്ത്രിസഭയുടെ ജനങ്ങളോടുള്ള ഉത്തരവാദിത്തവും കക്ഷ്യും നിറവേറാൻ ബഹു.മുഖ്യമന്ത്രിയും സഹപ്രവർത്തകരും ആത്മാർത്ഥമായി ശ്രമിക്കണം. അതുവഴി മദ്യം, മയക്കുമരുന്ന്, കഞ്ചാവ് മറ്റുരാസപദാർത്ഥങ്ങൾ തുടങ്ങിയ സർവ്വ വിപത്തുകളിൽനിന്നും ജനങ്ങളെ രക്ഷിക്കാൻ വേണ്ടതെല്ലാം അടിയന്തരമായി ചെയ്യണമെന്നാണ് എന്റെ അഭ്യർത്ഥന.

ബെത് സൈദാ റോഡ് യാഥാർത്ഥ്യമാക്കാൻ നാട്ടുകാർ രംഗത്ത്

ഇരിങ്ങാലക്കുട : കണ്ടേശ്വരം ബ്രഹ്മതീർത്ഥം റോഡിനെ ബ്രഹ്മകുളങ്ങര ക്ഷേത്രത്തിനു മുന്നിലൂടെ പൂച്ചക്കുളം ബെത് സൈദാ റോഡുമായി ബന്ധിപ്പിക്കുന്ന വിധത്തിൽ ഒരു പുതിയ റോഡ് നിർമ്മിക്കുന്നതിനെ കുറിച്ച് ആലോചിക്കാൻ നാട്ടുകാർ യോഗം ചേർന്നു.

നിലവിൽ കണ്ടേശ്വരം ക്ഷേത്രത്തിനു മുമ്പിലൂടെ മാത്രമേ ഈ ഭാഗത്തേക്ക് പോകാനാകൂ. നിർദ്ദിഷ്ട റോഡിന്റെ നിർമ്മാണം പൂർത്തിയായാൽ പ്രദേശ വാസികളായ ഒട്ടേറെ വീട്ടുകാർക്ക് ബ്രഹ്മകുളങ്ങര ക്ഷേത്രം, ചേലൂർ പള്ളി, പൂച്ചക്കുളം ബസ് സ്റ്റോപ്പ് എന്നിവിടങ്ങളിലേക്ക് വളരെ എളുപ്പത്തിൽ എത്തിച്ചേരാൻ കഴിയും.

നിർദ്ദിഷ്ട റോഡ് നിർമ്മിക്കുന്നതിന് ആവശ്യമായ പന്ത്രണ്ടോളം സെന്റ് സ്ഥലം തീർത്തും സൗജന്യമായി നഗരസഭയ്ക്ക് വിട്ടു കൊടുക്കാൻ സമ്മതമാണെന്ന് സ്ഥലമുടമയായ കൂവക്കാടൻ ബാബു യോഗത്തിൽ വ്യക്തമാക്കി.

ഇതേ കുറിച്ച് ആലോചിക്കാൻ ബ്രഹ്മകുളങ്ങര ക്ഷേത്രം ഹാളിൽ ചേർന്ന യോഗത്തിൽ വാർഡ് കൗൺസിലർ അമ്പിളി ജയൻ അദ്ധ്യക്ഷത വഹിച്ചു.എൻ വിശ്വനാഥ മേനോൻ, ഷിജു എസ് നായർ, സ്ഥലമുടമ കൂവക്കാടൻ ബാബു, രാജീവ് മുല്ലപ്പിള്ളി, രവീന്ദ്രൻ എടശ്ശേരി, ജോമോൻ മണാത്ത്, പ്രവീൺസ് ഞാറ്റുവെട്ടി, എ സി തോമസ് എന്നിവർ പ്രസംഗിച്ചു. കെ ഗോപാലകൃഷ്ണൻ സ്വാഗതവും, പി സുനിൽകുമാർ നന്ദിയും പറഞ്ഞു. ഭാവി പരിപാടികൾക്കായി അമ്പിളി ജയൻ (ചെയർമാൻ), ജോമോൻ മണാത്ത് (കൺവീനർ), കെ ഗോപാലകൃഷ്ണൻ (ട്രഷറർ), പ്രവീൺസ് ഞാറ്റുവെട്ടി, രവീന്ദ്രൻ എടശ്ശേരി, നന്ദജ വിനയൻ, കെ സി ചന്ദ്രൻ, എ സി തോമസ്, ബിന്ദു ജിനൻ, ജയശ്രീ, രാഹുൽ, സാന്റോ മണാത്ത്, ജയശ്രീ സുരേഷ് എന്നിവരടങ്ങിയ ആക്ഷൻ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

എൻ വി രാജീവൻ വിരമിച്ചു

ഇരിങ്ങാലക്കുട: 28 വർഷത്തെ സേവനത്തിനു ശേഷം ജൂനിയർ സൂപ്രണ്ടായി ഇരിങ്ങാലക്കുട അഡീഷ്ണൽ ജില്ലാ കോടതിയിൽ നിന്നും റിട്ടയർ ചെയ്ത എൻ വി രാജീവൻ

കുന്നംകുളം – തൃശ്ശൂർ റോഡിലെ എബി മാൾ കെട്ടിടത്തിൽ വൻ അഗ്നിബാധ

കുന്നംകുളം : കുന്നംകുളം – തൃശ്ശൂർ റോഡിലെ എബി മാൾ കെട്ടിടത്തിൽ വൻ തീപിടുത്തം. എബി മാൾ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഇന്റിമേറ്റ് മാട്രിമോണിയെന്ന സ്ഥാപനത്തിലാണ് അഗ്നിബാധയുണ്ടായത്. ഇന്ന് രാവിലെ ഏഴരയോടെ സ്ഥാപനത്തിൽ നിന്നും പുക ഉയരുന്നത് കണ്ടതിനെ തുടർന്ന് യാത്രക്കാരും സമീപത്തുള്ളവരും ചേർന്ന് കുന്നംകുളം അഗ്നിശമനസേനയെ വിവരം അറിയിക്കുകയായിരുന്നു.

അഗ്നിശമനസേനാ സംഘം സ്ഥലത്തെത്തി അണക്കാനുള്ള ശ്രമം തുടർന്നുകൊണ്ടിരിക്കുന്നു. സ്ഥാപനത്തിലെ കമ്പ്യൂട്ടർ, ഇലക്ട്രോണിക്സ് ഉപകരണങ്ങളും പ്രധാന പ്പെട്ടരേഖകളും കത്തി നശിച്ചതായി പറയുന്നു.

കോടതി പരസ്യം

ബഹു. തൃശൂർ ചിട്ടി രജിസ്ട്രാർ/ആർബിട്രേറ്റർ മുമ്പാകെ

Award No: 987/2024

കാശ്മീര കുറീസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിനു വേണ്ടി മാനേജിംഗ് ഡയറക്ടർ ചന്ദ്രൻ

-ഹരജിക്കാരൻ

1) സുജിത്ത് S/o. ചന്ദ്രൻ, നന്ദനം അപ്പാർട്ട്മെന്റ്, റൂം നമ്പർ 4, നേതാജി റോഡ്, കൈപ്പറമ്പ്, തൃശൂർ

2) ചന്ദ്രൻ S/o. വേലായുധൻ, നന്ദനം അപ്പാർട്ട്മെന്റ്, റൂം നമ്പർ 4, നേതാജി റോഡ്, കൈപ്പറമ്പ്, തൃശൂർ

2) ബിജി W/o. സുജിത്ത്, നന്ദനം അപ്പാർട്ട്മെന്റ്, റൂം നമ്പർ 4, നേതാജി റോഡ്, കൈപ്പറമ്പ്, തൃശൂർ

- എതൃകക്ഷികൾ

മേൽ നമ്പറിൽ എതൃകക്ഷികൾക്കുള്ള നോട്ടീസ് പത്രത്തിൽ പരസ്യം ചെയ്തു നടത്തുവാൻ കല്പിച്ച് മേൽ നമ്പർ കേസ് **16-05-2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. ടി കാര്യത്തിൽ ആർക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അന്നേദിവസം രാവിലെ 11 മണിക്ക് ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നുള്ള വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 04-3-2025

ഹരജിഭാഗം അഡ്വക്കെറ്റ്

സി എൻ കനകദുർഗ്ഗ (ഒപ്പ്)

ഡോ. സെറീനയെ ആദരിച്ചു

തൃശൂർ: അക്വാറ്റിക്സ് ക്ലബിൽ വനിതാദിനാഘോഷത്തോടനുബന്ധിച്ച് ഡോ. സെറീന ഗിൽവാസിനെ പൊന്നാടയണിയിച്ച് ആദരിച്ചു.

ക്ലബ് പ്രസിഡന്റ് ജോസ് പുതുക്കാടൻ ഉദ്ഘാടനം ചെയ്തു. ഷെഫ് ജിൻസ് പോൾ നയിച്ച പാചക പരിശീലനം, ഡോ. ആൻ മരിയ നയിച്ച ചർമസംരക്ഷണ ക്ലാസ്, രേണു നയിച്ച ഗെയിംസ് എന്നിവയും ഉണ്ടായിരുന്നു. കീർത്തി ഡാനി, ടിസ ചാക്കോള എന്നിവർ പ്രസംഗിച്ചു.

പൗരസ്ത്യ കൽദായ സുറിയാനി സഭക്ക് പുതിയ കേന്ദ്ര കൈ ക്കാരന്മാർ

തൃശൂർ: പൗരസ്ത്യ കൽദായ സുറിയാനി സഭയുടെ 2025-2028 വർഷത്തേക്കുള്ള പുതിയ കേന്ദ്ര ട്രസ്റ്റി ബോർഡ് അംഗങ്ങളായി 9 പേരെ തിരഞ്ഞെടുത്തു.

അബി പൊൻമാണിശ്ശേരി

ഗിഫ്റ്റൻ ജോസഫി

അബി ജെ.പൊൻമണിശ്ശേരി,ഗിഫ്റ്റൻ കെ.ജോസഫ്,ജോഫിൻ ജോൺ ഒല്ലുക്കാരൻ, മീറ്റി ടോൾഫി ,പോൾ അബിമലേക് യേശുദാസ്,വില്യംസ് പറപ്പിള്ളി,വിനോദ് നെൽസൺ, തോമാസ് കൂള, സി.വി.ജോബി .തൃശൂർ മാർത്തമറിയം വലിയപ്പള്ളി കത്തീഡ്രൽ പള്ളിയിൽ നടന്ന ചടങ്ങിൽ മാർ ഔഗിൻ കുരിയാക്കോസ് മെത്രപ്പോലീത്ത സത്യവാചകം ചൊല്ലി കൊടുത്തു.

അധികാര കൈമാറ്റവും നടന്നു. കേന്ദ്ര ട്രസ്റ്റി ബോർഡിന്റെ പുതിയ ചെയർമനായി അബി പൊൻമാണിശ്ശേരിയേയും വൈസ് ചെയർമാനായി ഗിഫ്റ്റൻ ജോസഫിനേയും തിരഞ്ഞെടുത്തു.

തുടർന്ന് നടന്ന അനുമോദനയോഗത്തിൽ മാർ ഔഗിൻ കുരിയാക്കോസ് മെത്രാപ്പോലിത്ത അദ്ധ്യക്ഷത വഹിച്ചു. ട്രസ്റ്റി ബോർഡ് മുൻ ചെയർമാൻ രാജൻ ജോസ് മണ്ണുത്തി, ഇപ്പോഴത്തെ ചെയർമാൻ അബി ജെ പൊൻമാണിശ്ശേരി, മുൻ ചെയർമാൻ ജേക്കബ് ബേബി ഒലക്കേങ്കൽ, മുൻ വൈസ് ചെയർമാൻ ലിയോൺ ഏ കാങ്കപ്പാടൻ എന്നിവർ പ്രസംഗിച്ചു.

കാർഷിക വികസന ബാങ്ക് – നവീകരിച്ച ബ്രാഞ്ച് ഉദ്ഘാടനം ചെയ്തു